(സി) ഒരു പുലിയെ പോലീസുകാർ വെടിവെച്ചുകൊന്നു. മറ്റേ പുലിയെ പിടിക്കുന്നതിനായി കെണികൾ ഒരുക്കിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

അനധികൃതമായി പാറ പൊട്ടിക്കുന്നതായി പരാതി

1321 [2115] ശ്രീ. ടി.എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുപ്പാറ പ്രദേശത്ത് വൻതോതിൽ പാറപൊട്ടിച്ചെടുക്കുന്നതിന് ഗവൺമെൻറ് ആർക്കെങ്കിലും അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ്;

(സി) എന്തു വ്യവസ്ഥയിലാണ്;

(ഡി) ഈ പ്രദേശത്തുനിന്ന് കേരളാ കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ അനധികൃതമായി പാറപൊട്ടിക്കുന്നതായി ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ലൈം ഷെൽ വ്യവസായ സഹകരണ സംഘം ആക്ഷൻ കൗൺസിലിന്റെ മെമ്മോറാണ്ടം

1322 [2121] ശ്രീ. ടി.കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈം ഷെൽ വ്യവസായ സഹകരണ സംഘം ആക്ഷൻ കൗൺസിൽ ഗവൺമെൻറിലേക്ക് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എന്തൊക്കെയാണ് ആവശ്യങ്ങൾ;

(സി) ഇതിൻമേൽ എന്തു തീരുമാനമെടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. മൈനിംഗ് ലീസ് എടുക്കുന്നതിൽനിന്ന് സംഘങ്ങളെ ഒഴിവാക്കുക.

2. മുൻപ് സംഘങ്ങൾക്ക് അനുവദിച്ചു തന്നിട്ടുള്ള റോയൽറ്റി സൗജന്യം പുനഃസ്ഥാപിക്കുക.

3. ചില പ്രത്യേക സംഘടനകൾക്കും വ്യക്തികൾക്കും പള്ളത്തറ ഇഷ്ടിക ഫാക്ടറിക്കും കക്കാ ശേഖരിച്ച് വിൽപന നടത്തുന്നതിനുള്ള അംഗീകാരം നിരോധിക്കുക.

LIBRARY ARCHIVES Kerala Legislative Assembly